(ഡി) സ്പോർട്സിനെ പ്രോത്സാഹിപ്പിക്കുവാനുള്ള സർക്കാർ നയത്തിന്റെ ഭാഗമാണിത്.

74 (1806) പയ്യന്നൂർ-കാസർഗോഡ് റൂട്ടിലെ സർവ്വീസ്

ശ്രീ. കെ.പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ-കാഞ്ഞങ്ങാട്-കാസർഗോഡ് റൂട്ടിൽ യാത്രാദുരിതം പരിഹരിക്കാൻ നടപടികൾ സ്വീകരിക്കണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(സി) പയ്യന്നൂർ-കാഞ്ഞങ്ങാട്-കാസർഗോഡ് റൂട്ടിൽ പയ്യന്നൂരിൽ നിന്ന് രാവിലെ 7 മണിക്കും രാത്രി 9 മണിക്കും ഇടയിൽ കെ.എസ്.ആർ.ടി.സി. നടത്തുന്ന സർവ്വീസുകളുടെ വിശദവിവരം അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ റൂട്ടിൽ കണ്ണൂർ, പയ്യന്നൂർ, കാസർഗോഡ് എന്നീ ഡിപ്പോകളിൽ നിന്നായി 45 ഷെഡ്യൂളുകൾ സർവ്വീസ് നടത്തുന്നുണ്ട് (150 സിംഗിൾ ട്രിപ്പുകൾ). കൂടാതെ പയ്യന്നൂർ ഡിപ്പോയിൽനിന്ന് അഞ്ചും കാസർഗോഡ് നിന്ന് പത്തും ഷെഡ്യൂളുകൾ ചെയിൻ സർവ്വീസായി ഓപ്പറേറ്റു ചെയ്യുന്നുണ്ട്.

(സി) സർവ്വീസുകളുടെ വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

75 (1807) ബസ്സ് സർവ്വീസ് തുടങ്ങാൻ നടപടി

ശ്രീ. എം.പി. വർഗ്ഗീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുവുംമൂഴിയിൽ പാലം പൂർത്തിയാക്കിയതു പരിഗണിച്ച് കോട്ടയം-പിറവം, ഊരമന-പെരുവുംമൂഴി, മഴുവന്നൂർ വളയൻചിറങ്ങര-പെരുമ്പാവൂർ വഴി കെ.എസ്.ആർ.ടി.സി. ബസ്സ് സർവ്വീസുകൾ തുടങ്ങുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ;

(ബി) കോട്ടയം-പിറവം-രാമമംഗലം-പെരുവുംമൂഴി-കടമറ്റം-കോലഞ്ചേരി-പെരുമ്പാവൂർ വഴി കെ.എസ്.ആർ.ടി.സി. ബസ്സ് സർവ്വീസ് തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പ്രസ്തുത റൂട്ടിൽ സ്വകാര്യ ബസ്സുകൾ സർവ്വീസ് നടത്തുന്നതിനാലും ബസ്സുകളുടെയും ജീവനക്കാരുടെയും കുറവുമൂലം പുതിയ സർവ്വീസുകൾ ആരംഭിക്കാൻ നിർവ്വാഹമില്ല.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly